5532

രണ്ടുകൊല്ലം

നേതാജിയോടൊപ്പം



1603

നാരായണമേനോൻ.

VIP
G. H. S.


MATHA VIDYAMANDIR VELLAM HIGH SCHOOL
5532
Date.....
ERNAKULAM

5532

ഈ പുസ്തകത്തെപ്പറ്റി ഗ്രന്ഥകർത്താവിന്നുള്ള ഒരു കത്തിൽ ശ്രീ. പുത്തേഴത്തു രാമമേനോൻ പറയുന്നു:

തൃശ്ശിവപേരൂർ,
10—12—1958.

5-532

ശ്രീ

സസ്നേഹം നൽകിയതായ നിങ്ങളുടെ ആ മനോഹരമായ കൊച്ചുപുസ്തകം ഞാൻ അത്യന്തം ആവേശത്തോടും അഭിമാനാഹ്ലാദാദികളോടുംകൂടി പലവുരു വായിച്ചു. പുസ്തകം ചെറുതെങ്കിലും അതിന്റെ അച്ചടിയും കെട്ടും മട്ടും, ഉള്ളടക്കത്തിന്റെ മഹത്വത്തിന്നനുസരിച്ചു്, ഭംഗിയായിട്ടുണ്ടു്. ആവേശത്തോടുകൂടി വായിച്ചു; കാരണം, നേതാജി ബോസിന്റെ—അതിമാനുഷനായിരുന്ന ആ അത്ഭുതവിക്രമന്റെ—പുണ്യനാമം ഏതൊരു ഭാരതീയനിലാണു് ആവേശം വളത്താത്തതു്? അഭിമാനത്തോടുകൂടി വായിച്ചു; ഒരു കേരളീയൻ ആണു് ആ പുസ്തകത്തിന്റെ കർത്താവെന്നതുകൊണ്ടു്! അതൊരു മഹാഭാഗ്യമായി, ഏതു ജീവിതത്തിലെയും ഒരു ഉൽകൃഷ്ടസമുന്നതസമ്പത്തായി, കരുതാത്തവരുണ്ടാകാവുന്നതല്ല. നിങ്ങളുടെ ആ അഭിമാനം എനിക്കുംകൂടി ഉള്ളതാണെന്നു് എന്റെ ദേശാഭിമാനം എന്നെ കിക്കിളികൊള്ളിച്ചു. മഹാഭാരതത്തിലെ അഭിമന്യുവിനെ അതിശയിക്കുന്ന ആ

വിശ്വവീരന്റെ സ്നേഹാദരങ്ങൾക്കു പാത്രീഭൂതനും, അദ്ദേഹത്തിന്റെ ജീവചരിത്രരചനയ്ക്കു ചുമതലപ്പെടുത്തത്തക്ക വിശ്വസ്തനുമായിരുന്ന എന്റെ ബഹുമാന്യമിത്രമായ താങ്കൾ എന്നെ വായിച്ചപ്പോൾ, എന്റെ ദേഹം രോമാഞ്ചംകൊണ്ടു, എന്റെ കണ്ണുകൾ ബാഷ്പകലുഷിതങ്ങളായി! ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു 'ലഗാലും ചന്ദ്രാലും' പ്രധാനകാരണക്കാരനായിരുന്ന ആ സവ്യസാചിയെ ഇന്ത്യ അദ്ദേഹം അർഹിക്കുന്നതിന്റെ ശതാംശമെങ്കിലും ആദരിക്കുന്നില്ലല്ലോ എന്നു് ഓർത്തു് എന്റെ ഹൃദയം കൃതാല്പതയാൽ സുബ്ധമായി! എല്ലാം ഈശ്വരേച്ഛ!

ഇത്ര വലിയ ഒരാളെക്കുറിച്ചു്, ഇത്രയും ചെറിയ പുസ്തകത്തിൽ എന്തെഴുതാനാണു്, എന്നു ഒരു ശങ്കയോടുകൂടിയാണു് ഞാനീ പുസ്തകം വായിക്കാൻ തുടങ്ങിയതു്. വായിച്ചു തീർന്നപ്പോൾ, എനിക്കു നമ്മുടെ, സർവ്വോൽകൃഷ്ടമായ 'ഗായത്രി'മന്ത്രത്തിന്റെ പ്രതീതിയാണുണ്ടായതു്. ഗായത്രിമന്ത്രം, കർമ്മസാക്ഷിയും, ജഗത്പ്രകാശകനുമായ സൂര്യദേവനെ സ്തുതിക്കുന്നു. ആ സൂര്യനെവിടെ? അക്ഷരക്കൂച്ചിയോടുകൂടിയ ആ കൊച്ചുഗായത്രിമന്ത്രമെവിടെ? എന്നാൽ, സൂര്യഭഗവാന്റെ സമസ്തവും ഉൾക്കൊള്ളുന്ന ലോകോത്തരമായ ഒരു വിശിഷ്ടമന്ത്രമാണല്ലോ ഗായത്രി. അതുപോലെ നേതാജി ബോസാകുന്ന ആ പ്രതാപസൂര്യന്റെ അപദാനങ്ങളെ പ്രകീർത്തിക്കയും, അനുഗ്രഹത്തെ അഭ്യർത്ഥിക്കയും ചെയ്യുന്ന ഒരു ഗായത്രിമന്ത്രമാകുന്നു

താങ്കളുടെ ഈ കൊച്ചുപുസ്തകം. നേതാജി അങ്ങിനെതന്നെ അതിൽ അക്ഷയഭാസ്സോടെ പ്രകാശിക്കുന്നുണ്ടു്. നേതാജിയുടെ അനുഗ്രഹത്തെ അത്ഥിക്കുന്ന അന്തേവാസിയുടെ അക്ഷരരൂപത്തിലുള്ള പ്രാത്ഥനകളും അതിലുണ്ടു്. ആ 'സൂര്യനമസ്സാര'ത്തിന്റെ ഗുണങ്ങളെ പൊതുജനസമക്ഷത്തിൽ സമർപ്പിക്കുന്ന പ്രകടനരൂപവും അതിലുണ്ടു്! ചുരുക്കത്തിൽ, ആ പുസ്തകം വായിച്ചുതീന്നപ്പോൾ, പ്രപഞ്ചശക്തിയേയും, രൂപഭാവാദികളേയും ഉൾക്കൊള്ളുന്ന 'അണു'വിന്റെ അതിശയനീയമായ രൂപത്തിന്റെ ഒരു ചിന്തയാണെന്റെ മനസ്സിലുണ്ടായതു്. ഗ്രന്ഥത്തിന്റെ വലിപ്പത്തിലെന്തിരിക്കുന്നു!

താങ്കളുടെ ആ പുസ്തകത്തെക്കുറിച്ചു് ഒരഭിപ്രായം പറയാൻ ഞാൻ അശക്തനാകുന്നു; ഗായത്രി ജപിക്കാനല്ലാതെ അതിൽ പ്രതിപാദ്യനായ സൂര്യനെക്കുറിച്ചു് ആക്കെന്തു പറയാനാണു് അഹ്തയുള്ളതു്? നമ്മുടെ സമ്പ്രദായത്തിൽ പറഞ്ഞാൽ, പരേതനായ വന്ദ്യപിതാവിന്റെ പുണ്യം പൂണ്ട പിതൃവിന്നു് ഒരു സൽപുത്രൻ സമർപ്പിക്കുന്ന പിണ്ഡമാകുന്നു ആ കൊച്ചുപുസ്തകമെന്നു തോന്നും. അതുകൊണ്ടു് ആ പിതൃവിന്നു പരിത്രാണനവും, പുത്രന്നു പിതൃപ്രീതിയും സംഭവിക്കുന്നു. അതിലും മീതെ എന്തു വേണം?

എന്നു സ്നേഹാദരപുരസ്സരം,

പുത്തേഴത്തു രാമമേനോൻ.

രണ്ടു കൊല്ലം നേതാജിയോടൊപ്പം

RANDUKOLLOM NETAJIYODOPPAM

Malayalam translation of
TWO YEARS WITH NETAJI
by
Sri NARAYANA MENON

Translated by
M. C. NAMBUDRIPAD, B. Sc.

PRINTED AT
THE MANGALODAYAM PRESS
TRICHUR

PUBLISHERS:
THE MANGALODAYAM (Private) LIMITED
TRICHUR

Price: 50 nP.

5532

രണ്ടു കൊല്ലം നേതാജിയോടൊപ്പം

(മൂന്നാംപതിപ്പിന്റെ വിവരണം)

മൂലഗ്രന്ഥകാരൻ:
നാരായണമേനോൻ

വിവർത്തകൻ:
എം. സി. നമ്പൂതിരിപ്പാട് B. Sc.

ആമുഖം:
എൻ. രാഘവൻ

ആസ്വാദനം:
കേണൽ ഡി. എസ്സ്. രാജു, എം. പി.

അവതാരിക:
എസ്സ്. സി. അളഗപ്പൻ.

പ്രസാധകന്മാർ:
മംഗളോദയം (പ്രൈവറ്റ്) ലിമിറ്റഡ്,
ഇരിഞ്ഞാലക്കുട.

1959

വില: 0—50

ഒന്നാംപതിപ്പ്
ആയിരം കോപ്പി
1959 ഫെബ്രുവരി

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

കവർ:
കൃഷ്ണ & കോ.
തൃശ്ശൂർ.

M. DARUL MIPWI ISLAM HIGH SCHOOL
Date.....
ERNAKULAM.

ബാങ്ക്കോക്കുതടങ്കൽക്യാമ്പിൽ
എന്റെ കൂട്ടുകാരായിരുന്ന
തടവുപുള്ളികൾക്ക്

ആമുഖം

കിഴക്കനേഷ്യയിലെ ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ ഒരു സജീവപ്രവർത്തകനായിരുന്ന മിസ്റ്റർ നാരായണമേനോൻ. സവിശേഷമായ ഒരു ചുമതലയാണു് അദ്ദേഹത്തെ ഏല്പിച്ചിരുന്നതു്—നേതാജി സുഭാഷ് ചന്ദ്രബോസിന്റെ പ്രസംഗങ്ങൾ സമാഹരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക; ആ നേതാവിന്റെ ജീവചരിത്രം തയ്യാറാക്കുക. സുഭാഷ് ബോസുമായി അടുത്ത സമ്പർക്കം പുലർത്താനുള്ള അവസരവും ഭാഗ്യവും അദ്ദേഹത്തിന്നു ലഭിച്ചു. മേനോന്റെ പ്രവൃത്തിയിൽ വലിയ മതിപ്പും അദ്ദേഹത്തിന്റെ ഭാവിയിൽ വലിയ ആശയും നേതാജിക്കുണ്ടായിരുന്നു. യുദ്ധകാലത്തു തന്റെ സോഷ്യലിസ്റ്റു് ചിന്താഗതിയും അനുഭവങ്ങളും ജപ്പാൻകാരുടെ ഔദ്ധത്യവുമായി കൂറച്ചൊക്കെ ഏറ്റുമുട്ടിയെങ്കിലും, അദ്ദേഹത്തിന്നു നേതാജിയുടെ പ്രസംഗങ്ങൾ തിരഞ്ഞെടുത്തു സമാഹരിച്ചു രണ്ടു പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കാൻ കഴിഞ്ഞു. അവ ഇന്ത്യയിലിന്നു സുപരിചിതങ്ങളാണു്. നേതാജിബോസിനെപ്പറ്റി പുതിയൊരു പുസ്തകം പ്രസിദ്ധീകരിക്കാൻപോകയാ

ണമെന്നുദ്ദേഹം. അതു ധാരാളം വായിക്കപ്പെട്ടുമെന്നും ആസ്വദിക്കപ്പെടുമെന്നും എനിക്കുറപ്പുണ്ട്. എന്തെന്നാൽ, 1945-ലെ സംഭവഗതി മറിച്ചായിരുന്നുവെങ്കിൽ, നേതാജിയുടെ ജീവചരിത്രംതന്നെ നമുക്കു തരുമായിരുന്ന ആളാണല്ലോ അതിന്റെ കർത്താവു്.

പെനാങ്ങ്,
ജൂൺ 1, 1946

എൻ. രാഘവൻ

ST. THOMAS ELAM HIGH SCHOOL
ERNAKULAM.

ഒരാസ്വാദനം

"രണ്ടു കൊല്ലം നേതാജിയോടൊപ്പം" എന്ന പുസ്തകത്തിന്റെ മൂന്നാംപതിപ്പു ശ്രീ. നാരായണമേനോൻ പുറത്തിറക്കയാണെന്നറിഞ്ഞു ഞാൻ സന്തോഷിക്കുന്നു. മൻപതിപ്പുകൾ ധാരാളമാളുകൾ വായിച്ചിട്ടുണ്ട്; ധാരാളം ആസ്വദിച്ചിട്ടുമുണ്ട്. പുതിയൊരു പതിപ്പിന്റെ ആവശ്യം പൊന്തിവന്നിരിക്കുകൊണ്ട് ഈ ഉദ്യമം സ്വാഗതാർഹമാണ്.

നേതാജിയുടെ ജീവചരിത്രത്തിലെ അലിഖിതവശങ്ങൾ—പ്രത്യേകിച്ച്, ഇന്ത്യൻസ്വാതന്ത്ര്യത്തിന്നുവേണ്ടി അദ്ദേഹമാരംഭിച്ച അവസാനസമരത്തിന്റെ നിഗ്ഗ്രായകകാലഘട്ട (1943-45)ത്തെസ്സംബന്ധിക്കുന്ന വശങ്ങൾ— കൂട്ടിച്ചേർക്കാൻ ഏറ്റവും പറ്റിയ വ്യക്തിയാണ് ശ്രീ. നാരായണമേനോൻ.

അപകടം പിടിച്ച ആ കൊല്ലങ്ങളിൽ, ഒരു തരത്തിൽ ഇന്ത്യയുടെ വിധിതന്നെ തീർച്ചപ്പെടുത്തിയ ആ ഘോരസമരത്തിൽ, നേതാജിയുടെ പങ്കാളിയാവാനുള്ള അപൂർവ്വഭാഗ്യം സിദ്ധിച്ച ഞങ്ങളിൽ പലർക്കും പിൻതിരിഞ്ഞുനോക്കുമ്പോൾ ഇങ്ങനെ തോന്നാറുണ്ട്: നേതാജി സവിശേഷമായ ഒരു ജീവിതോദ്ദേശത്തോടുകൂടിയാണ് പിറന്നതു്. ആ ഉദ്ദേശം നി

റവേററാൻവേണ്ടി അദ്ദേഹം വിട്ടുവീഴ്ചയില്ലാതെ, ത ടസ്സങ്ങളെ വകവെയ്ക്കാതെ, നേരെ മുന്നോട്ട് പോയി. അദ്ദേഹം ഒരാവശ്യത്തിനു വന്നു; അതു സാധിക്കു യും ചെയ്തു. അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ യഥാ ത്ഥങ്ങളായി—അതു കാണുവാൻ അദ്ദേഹത്തിനു കു ഴിഞ്ഞില്ലെങ്കിലും.

തോറോടിയ പട്ടാളക്കാരെ സംഘടിപ്പിച്ചു, അറുപതിനായിരത്തോളം സംഖ്യാബലമുള്ള ഒരു സേ നയെ ത്രുപവല്ക്കരിക്കുക, ദീർഘകാലത്തെ അടിമ ത്തംമൂലം നിഷ്ക്രിയമായിത്തീർന്ന ഒരു ജനതയെ ഉശി രുപിടിപ്പിക്കുക; അവരെയെല്ലാം ആസാദ് ഹിന്ദ് ഗവമ്മേണ്ടിന്റെ ത്രിവർണ്ണപതാകയ്ക്കു കീഴിൽ അ ണിനിരത്തുക, ഇതൊക്കെ ഒരു വിദേശരാജ്യത്തു വെ ച്ചു സാധിക്കുക, ഒരു പ്രബലസാമ്രാജ്യത്തിന്റെ ശ ക്തികൾക്കെതിരെയുള്ള യുദ്ധത്തിലവരെ നയിക്കുക —ചെറിയൊരു നേട്ടമൊന്നുമല്ല ഇതു്. ഈ കാലഘ ട്ടം നമ്മുടെ ചരിത്രത്തിലെ ശോഭനമായ ഒരധ്യായ മായിരിക്കും; നമ്മുടെ നാട്ടുകാർ വരാനിരിക്കുന്ന നൂ റാണ്ടുകളിൽ അതു സാഭിമാനം വായിക്കുകയും ചെയ്യും.

ആസാദ് ഹിന്ദ് ഫൌജിലെ ഒരുദ്യോഗസ്ഥ നെന്ന നിലയ്ക്കും സ്വന്തം വൈദ്യനെന്ന നിലയ്ക്കും

ഞാൻ നേതാജിയുമായി ബന്ധപ്പെട്ടിരുന്ന ഈ രണ്ടു കൊല്ലങ്ങളിൽ ശ്രീ. നാരായണമേനോനെ പരിചയപ്പെടുവാനുള്ള അവസരം എനിക്കുണ്ടായി. അദ്ദേഹം നേതാജിയുടെ വിശ്വാസപാത്രമായിരുന്നു. സ്വന്തം പ്രസംഗങ്ങൾ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തുവാനും ഒരു ജീവചരിത്രംതന്നെ എഴുതുവാനും നേതാജി അദ്ദേഹത്തെയാണു് ചുമതലപ്പെടുത്തിയിരുന്നതു്.

ഒരു മനുഷ്യൻ, ഒരു നേതാവു്, ആസാദ് ഹിന്ദ് ഗവർമ്മെണ്ടിന്റെ തലവൻ—ഈ നിലയ്ക്കെല്ലാമുള്ള നേതാജിയെ ശ്രീ. മേനോൻ ഈ പുസ്തകത്തിൽ ശരിയായി അവതരിപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ നാനാമുഖമായ സ്വഭാവത്തിൽ വെളിച്ചം വീശുവാനും മേനോനു കഴിഞ്ഞിട്ടുണ്ടു്. നേതാജിയുടെ തനി സ്വരൂപംതന്നെ നമുക്കിവിടെ കാണാം.

രാജമുൻഡ്രി,
29—10—1958

കേണൽ ഡി. എസ്. രാജു,
എം. പി.

5-5-32

ERNAKULAM.

അവതാരിക

ഇന്ത്യയ്ക്കകത്തുവെച്ചും പുറത്തുവെച്ചും നടത്തപ്പെട്ട ഇന്ത്യൻസ്വാതന്ത്ര്യസമരത്തിന്റെ സജീവനേതാവായ നേതാജി സുഭാഷ് ചന്ദ്രബോസിനെപ്പറ്റി കേൾക്കാത്തവരാരുണ്ട്? മാതൃഭൂമിയുടെ സ്വാതന്ത്ര്യസമരത്തെ സഹായിപ്പാൻവേണ്ടി 1918-ൽ ഐ. സി. എസ്. ബിരുദം നിരസിച്ചദിവസംതൊട്ട് ഏറ്റവും ദൌർഭാഗ്യകരമായ നിലയിൽ 1945 ആഗസ്റ്റ് 20-ാംനു- അകാലമരണമടഞ്ഞ ആ അനന്യനിമിഷംവരെ അദ്ദേഹം വ്യക്തമായൊരു ലക്ഷ്യത്തിലേയ്ക്കു പ്രയാണംചെയ്കയായിരുന്നു. കിഴക്കനേഷ്യയിൽവെച്ച് ഐ. എൻ. എ. സംഘടിപ്പിച്ചതാണ് അദ്ദേഹത്തിന്റെ ഏറ്റവും മഹത്തരമായ നേട്ടമെന്നു നിസ്സംശയം പറയാം. അറുപതിനായിരമാളുകളെ ശേഖരിക്കുക, അവരെ പരിശീലിപ്പിക്കുക, അവരെ ആയുധമണിയിക്കുക, എന്നിട്ടവരെ സിങ്കപ്പൂരിൽനിന്നു ജപ്പാൻകാക്കധികാരമുള്ള രാജ്യങ്ങളിലൂടെ ആസാമിലെ ഇംഫാലിലേയ്ക്കയയ്ക്കുക. ക്ലേശകരമായ സ്ഥിതിയിൽ ആ സൈന്യത്തെ വിജയിയാക്കുക—ഇതു ചെറിയൊരു കായ്മൊന്നുമല്ല.

നേതാജിയുടെ പ്രതിഭയും പ്രാപ്തിയുമില്ലാതെ ഇതൊരിക്കലും സാധിക്കുമായിരുന്നില്ല. സാധ്യമായ എല്ലാ വഴിയിലൂം സ്വാതന്ത്ര്യപ്രസ്ഥാനത്തെ മുന്നോട്ടു തള്ളുവാൻ അദ്ദേഹം എപ്പോഴും ബദ്ധശ്രദ്ധനായിരുന്നു.

1857-ൽ ആദ്യമായാരംഭിച്ച നാൾതൊട്ടു പല കാലങ്ങളിലും പല രൂപത്തിലും ഇന്ത്യയുടെ സ്വാതന്ത്ര്യസമരം നടത്തപ്പെട്ടിട്ടുണ്ട്. അതിൽ ഓരോതരം പ്രസ്ഥാനത്തിന്റെയും ഗുണദോഷങ്ങളെ ഇപ്പോൾ വിലയിരുത്തുവാൻ ശ്രമിക്കുന്നതു ഭംഗികേടായിരിക്കും. എന്നാൽ 'ബ്രിട്ടീഷ്കൃാബിനറ്റ്മിഷൻ' ഇന്ത്യയിലേയ്ക്കു പുറപ്പെട്ട അവസരത്തിൽ ബ്രിട്ടീഷ്പ്രധാനമന്ത്രി ക്ലമന്റ് അറ്റ്ലി പുറപ്പെടുവിച്ച പ്രസ്താവന ശ്രദ്ധേയമാണ്. ഇന്ത്യയിലെ പട്ടാളം രാഷ്ട്രീയപ്രബുദ്ധമായിരിക്കുന്നുവെന്നും അതുകൊണ്ട് ഇന്ത്യയെ ഇന്ത്യയുടെ മക്കൾക്കുതന്നെ വിട്ടുകൊടുക്കേണ്ട കാലമായിരിക്കുന്നുവെന്നും അദ്ദേഹമതിൽ വ്യക്തമാക്കുകയുണ്ടായി. സമഞ്ജസവും സംശയരഹിതവുമായ ഈ അഭിപ്രായത്തെ അദ്ദേഹം രൂപവല്ക്കരിച്ചതു രണ്ടു കാരണങ്ങളെക്കൊണ്ടാണെന്നു നിസ്സംശയം പറയാം. നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യം ലഭിക്കുവേണ്ടി സുഭാഷ്ചന്ദ്രബോസിന്റെ നേതൃത്വത്തിൽ 1943-45കാലത്തു കിഴക്കനേഷ്യയിൽ രൂപ

വൽക്കൃതമായ ഐ. എൻ. എ. ആയിരുന്നു മുഖ്യകാരണം. ബോംബെയിൽവെച്ചും കറാച്ചിയിൽവെച്ചും ഇന്ത്യൻനാവികസേനയിൽ പൊട്ടിപ്പുറപ്പെട്ട ലഹളകളാണു് മറെറാന്നു്. രണ്ടാംലോകമഹായുദ്ധത്തിൻെറ അവസാനത്തിൽ കിഴക്കനേഷ്യയിൽ താവളമുറപ്പിക്കുവാൻ ഇടയായ നാവികന്മാക്കു് ഇന്ത്യൻസ്വാതന്ത്ര്യസമരത്തിൻെറ ശക്തിയും ആവേശവും ഉണ്മും നേരിട്ടു കാണുവാനിടവന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യസമ്പാദനത്തിൽ ഐ. എൻ. എ.യുടെ പങ്കിനെപ്പററി നിഷ്പക്ഷമായി വിധികല്പിക്കുവാൻ ഇന്ത്യയിലെ ജനങ്ങളെത്തന്നെ ഞാൻ ഭാരമേല്പിക്കട്ടെ.

നേതാജിയുടെ കരുത്തമശിഷ്യനും അനുയായിയുമാണു് ശ്രീ. നാരായണമേനോൻ. കിഴക്കനേഷ്യയിൽവെച്ചു് അദ്ദേഹം സുഭാഷ്ചന്ദ്രബോസുമായി വളരെ അടുത്തു ബന്ധപ്പെട്ടിട്ടുണ്ടു്. നേതാജിയോടുള്ള സ്നേഹവും സ്വന്തം ആത്മാത്മതയുമാണു് അദ്ദേഹത്തെ ഈ പുസ്തകമെഴുതാൻ പ്രേരിപ്പിച്ചതു്. ഇംഗ്ലീഷിലും മലയാളത്തിലും ഇതു പ്രസിദ്ധീകരിച്ചുകഴിഞ്ഞു. തെലുങ്കിലേയ്ക്കും തമിഴിലേയ്ക്കും വിവർത്തനം ചെയ്യാനുള്ള ഏർപ്പാടുകളും ആയിക്കഴിഞ്ഞിരിക്കുന്നു. ഈ പ്രസിദ്ധീകരണം അത്യാസക്തിയോടെ വായിക്കപ്പെടുമെന്നതിനു സംശയമില്ല — ദക്ഷിണദേശത്തിൽ പ്രത്യേകിച്ചും. അദ്ദിക്കുകാക്കുവേണ്ടിയാണ

ല്ലോ മലയാളത്തിലും തെലുങ്കിലും തമിഴിലുമുള്ള വി
വത്തനങ്ങൾ പുറത്തിറങ്ങുന്നതു്.

'ലക്ഷ്മിവിലാസ്,' **എസ്. സി. അളഗപ്പൻ.**
189, പൂനമല്ലി ഹൈറോഡ്, എം. ബി. ബി. എസ്സ്.,
വേപ്പേറി, മദ്രാസ്—7. എഫ് ആർ. സി. എസ്. ഇ.
നവമ്പർ 1, 1958. മേജർ ജനറൽ, ഐ. എൻ. എ.

അദ്ദേഹത്തിന്റെ ആശയം മഹത്തായിരുന്നു—
നീതിയുക്തവും നൈസർഗ്ഗികവുമായിരുന്നു.

അദ്ദേഹത്തിന്റെ ചിത്തപ്രകൃതി
ബലവത്തായിരുന്നു.

അദ്ദേഹത്തിന്റെ വാക്കുകൾ
ഉറച്ചു കനംതുങ്ങുന്നവയായിരുന്നു.

ആ വിശാലരംഗം മുഴുവനുമൊന്നു
വിമർശനാത്മകമായി വീക്ഷിക്കുക
എന്നിട്ടു വിധിയെഴുതുക:

അദ്ദേഹത്തിനു വകവെച്ചുകൊടുക്കുവാനില്ലാത്ത
ഗുണങ്ങൾ ഉണ്ടായിരുന്നുവോ എന്നു്.

അദ്ദേഹത്തിന്റെ പോരായ്മകൾ
നിയതിയുടെ കഴിവുകേടുകൾമാത്രമായിരുന്നു.

അദ്ദേഹത്തിന്റെ വിജയങ്ങളോ
സ്വന്തം വിജയങ്ങളുമായിരുന്നു.

Date 5.5.32
ERNAKULAM

രണ്ടു കൊല്ലം

നേതാജിയോടൊപ്പം

നേതാജി സുഭാഷ് ചന്ദ്രബോസ് പ്രായോഗികബോധമുള്ള ഒരു വിപ്ലവകാരിയായിരുന്നു. മൻധാരണകളെ മുറുകെപ്പിടിക്കുന്ന ആളല്ല അദ്ദേഹം. ഒരേയൊരാഗ്രഹമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ: ഇന്ത്യയുടെ വിമോചനം; ഒരേയൊരുന്നമേയുണ്ടായിരുന്നുള്ളൂ: ജനതയുടെ ഉന്നമനം.

ആരെയും ആവേശഭരിതനാക്കുന്ന, അത്ഭുതസ്തിമിതനാക്കുന്ന എന്തോ ഒന്ന് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലുണ്ട്. ചെടിയുണ്ടപോലെ തുളഞ്ഞുകയറുന്ന നോട്ടം; ചാട്ടയടിപോലെയുള്ള ആജ്ഞകൾ; തികഞ്ഞ ആത്മനിയന്ത്രണവും ആത്മവിശ്വാസവും ദ്യോതിപ്പിക്കുന്ന പെരുമാറ്റങ്ങൾ—ഇതത്രേ നേതാജി.

ജന്മനാ ഒരു പ്രക്ഷോഭകാരിയാണദ്ദേഹം. മറ്റേതിനുമുൻപേതാവിനെക്കാളുമേറെ ബ്രിട്ടീഷുകാർ അദ്ദേഹ

ത്തെ ഭയപ്പെട്ട. അവക്കൊരു ഭീഷണിയായിരുന്ന അദ്ദേഹം—ശരിക്കും ഒരു ഭീഷണി!

ബോസിനെ മറിനിന്തുൻനേതാക്കളിൽനിന്നു വ്യത്യസ്തനാക്കുന്നതെന്താണ്? ബ്രിട്ടീഷുകാർ അദ്ദേഹത്തെ ഇത്രയേറെ ഭയപ്പെട്ടതെന്തുകൊണ്ടാണ്? ബ്രിട്ടീഷുസാമ്രാജ്യത്വത്തിനോട് വിട്ടുവീഴ്ചയില്ലാത്ത മനോഭാവം, യാതനകളനുഭവിപ്പാനും ത്യാഗങ്ങൾ ചെയ്വാനുമുള്ള സന്നദ്ധത, അതുല്യമായ സംഘടനാസാമർത്ഥ്യം—ബോസിന്റെ സവിശേഷതകളാണിവ.

ഇതരദേശീയനേതാക്കളിൽനിന്നു നേതാജിയെ തരംതിരിക്കുന്ന മറൊരു സവിശേഷതകൂടിയുണ്ട്: സ്വരാജ്യം നേടുന്നതിൽ നേരിട്ടുള്ള സംഘട്ടനത്തെ അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ട. അദ്ദേഹം ഒരു ഐദ്യതഞ്ചാറിപോലെയാണ്—ശക്തിയുടെ നിറകുടം. മിതവാദികളെ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല.

പൂർണ്ണസ്വാതന്ത്ര്യമല്ലാതെ മറൊന്നും അദ്ദേഹത്തെ സംതൃപ്തനാക്കിയില്ല. അതിനുവേണ്ടി അദ്ദേഹം സർവ്വസ്വവും ത്യജിച്ചു; ഒട്ടേറെ കഷ്ടപ്പെട്ട. പതിനൊന്നുപ്രാവശ്യത്തെ ജയിൽവാസവും മർദ്ദനവും അദ്ദേഹത്തെ അധികമധികം ദൃഢചിത്തനും നിർഭയനുമാക്കാനേ ഉപകരിച്ചുള്ളൂ. വേണ്ടിവന്നാൽ, ചൂണ്ടിൽ പുഞ്ചിരിയുമായി കഴുമരമേറുവാൻ അദ്ദേഹത്തിനു വിഷമമില്ല. ബ്രിട്ടീഷ്ഗവർമ്മേണ്ടിനു, അല്ല, മറാക്കുംതന്നെ, ഇങ്ങനെയുള്ള ഒരു മനുഷ്യനോട് എന്തു ചെയ്യാൻ കഴിയും?

മഹാത്മാഗാന്ധി ഒരിക്കൽ പറയുകയുണ്ടായി: "സുഭാഷ്ബോസ് ജനിച്ചതേ നേതാവായിട്ടത്രേ." ശരിയാണ്, തീച്ചയായും അദ്ദേഹം മനുഷ്യരുടെ നായകനായിരുന്നു. മറ്റൊരാളുവ്വ്ഗ്രന്നംക്കൂടിയുണ്ട് അദ്ദേഹത്തിന്നു: തന്റെതന്നെ നായകനായിരുന്നു അദ്ദേഹം. അദ്ദേഹം ഇടത്തും വലത്തും നോക്കാറില്ല; വാക്കുകളും ആംഗ്യങ്ങളും വെറുതെ ചെലവഴിക്കാറില്ല. ചിന്താശക്തി, അച്ചടക്കം, മനശ്ശക്തി, ഊർജ്ജസ്വലത—എല്ലാമുള്ള ഒരാൾ!

അദ്ദേഹം എതിർപ്പിനോട് കുറച്ചൊക്കെ അസഹിഷ്ണുവായിരുന്നുവെന്നതു ശരിയാണ്. പക്ഷേ ഏകാധിപത്യപ്രവണതയായിരുന്നില്ല അതു. പിന്നെയോ? തന്റെ ലക്ഷ്യമാഗ്രങ്ങളുടെ തീച്ചയിലും തെറ്റില്ലായ്മയിലുമുള്ള വിശ്വാസദാർഢ്യമാണ് ആ മനോഭാവത്തിന്നു കാരണം. മറ്റുള്ളവർ തന്റെ പ്രവർത്തനങ്ങളെ അലങ്കോലപ്പെടുത്തുന്നതിനെ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അത്തരമൊരു ബുദ്ധിരാക്ഷസനായിരുന്ന ആ മനുഷ്യൻ—കീഴ്ക്കനേഷ്യയിൽ തന്നെ ചുഴന്നിരുന്നവരെ കേവലം പിശുകികളാക്കുമോരു.

സ്വന്തം ഉയർച്ചയിൽ തീരെ തല്പരനായിരുന്നില്ല അദ്ദേഹം. ഒരിക്കലദ്ദേഹം എന്നോട് പറകയുണ്ടായി, "ഇന്ത്യ സ്വതന്ത്രമായ ദിവസംതന്നെ" രാഷ്ട്രീയകാര്യങ്ങളിൽനിന്നു പൂർണ്ണമായും പിൻവാങ്ങാൻ താൻ ആഗ്രഹിക്കുന്നുവെന്നു. ഒരു രാഷ്ട്രീയനേതാവിനെക്കാളേറെ, പ്രകൃത്യാ, അദ്ദേഹമൊരു കവിയും തത്വചിന്തകനുമായിരുന്നു. ഇന്ത്യ ഒരു സ്വതന്ത്രരാജ്യമായിരുന്നുവെങ്കിൽ, സുഭാഷ്ബാബു രാഷ്ട്രീയരംഗത്തിൽ പ്രവേശിക്കയേ ചെയ്യുമായിരുന്നി

ല്ലെന്നു് എനിക്കു മുണ്ണബോധ്യമുണ്ടു്. പക്ഷേ ഒരിക്കൽ പ്രവേശിച്ചാൽ ലക്ഷ്യത്തിലെത്താതെ പിൻതിരിയുന്ന മട്ടുകാരനല്ല അദ്ദേഹം. യഥാർത്ഥവിപ്ലവനേതാക്കൾക്കെന്നപോലെ സുഭാഷിനുമുണ്ടായിരുന്ന ഉരുക്കുപോലുള്ളൊരു മനശ്ശക്തി.

കിഴക്കനേഷ്യയിലെ അനുയായികളോടു് അദ്ദേഹം പറയാറുണ്ടു്: "സ്വന്തമായ പദവിക്കോ ജോലിക്കോ അല്ല, ഇന്ത്യയ്ക്കുവേണ്ടിമാത്രമാണു്, താൻ പ്രയത്നിക്കുന്നതെന്ന ഒരു ബോധം ഓരോരുത്തനും ഉണ്ടായിരിക്കണം. ഇന്ത്യയുടെ മോചനമാണു് നമുക്കാവശ്യം. സ്വതന്ത്രഭാരതത്തിൽ നമുക്കെന്തു സ്ഥാനമാണു് ലഭിക്കുകയെന്ന പ്രശ്നം നമ്മെ തെല്ലുപോലും അലട്ടുവാൻ പാടില്ല. സ്വന്തമായി വല്ലതും സമ്പാദിപ്പാൻ ഇറങ്ങിയവരല്ല നമ്മൾ. ഇന്ത്യയുടെ സ്വാതന്ത്ര്യമേ നമുക്കു വേണ്ടൂ. നമ്മുടെ ഭാവി തീരുമാനിക്കേണ്ടതു നമ്മളല്ല, ഇന്ത്യയിലെ 38കോടി ജനങ്ങളാണു്. സ്വാതന്ത്ര്യം കിട്ടിയാൽ നമുക്കെല്ലാം കിട്ടിക്കഴിഞ്ഞു, നമ്മുടെ ജീവിതാശകൾ സഫലമായി എന്നേ നമുക്കു തോന്നാവൂ. നാമെല്ലാം ഇന്ത്യയുടെ ദാസന്മാരാണു്, ദാസന്മാരായിത്തന്നെ തുടരുകയും ചെയ്യും."

അങ്ങനെ, ബോസു് തന്റെ അഭിലാഷങ്ങളെയും വികാരങ്ങളെയും വിചാരങ്ങളെയുമെല്ലാം പരമമായ ഒരു ആശയത്തിനു് അടിയറവെച്ചു—ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു്. ബാഹ്യവും അപ്രധാനവുമായ കാര്യങ്ങളിൽ ശ്രദ്ധിക്കാതെ, മൌലികവും സുപ്രധാനവുമായ വശങ്ങളിൽമാത്രം മനസ്സിരുത്തി, വിപ്ലവാത്മകമായി ഭാവി

5532

യിലേയ്ക്കു നോക്കുവാനുള്ള കഴിവു് അദ്ദേഹത്തിനുണ്ടു്. നേതാജിയുടെ പ്രവർത്തനങ്ങളുമായി അടുത്ത ബന്ധം പുലർത്തുവാൻ എന്നെപ്പോലെ അവസരം ലഭിച്ചവരാരുംതന്നെ അദ്ദേഹത്തിന്റെ ബുദ്ധിശക്തിയും അസാധാരണമായ ക്ഷമയും ഓർത്തു് അത്ഭുതപ്പെടാതിരിപ്പാൻ വഴിയില്ല. അദ്ദേഹം സ്ഥൂശക്തിയുള്ള ഒരു പ്രതിഭാശാലിയായിരുന്നു.

പ്രവൃത്തിയെടുപ്പാൻ അദ്ദേഹത്തിനുള്ള കഴിവു് എത്ര അസാധാരണമായിരുന്നു! ബർമ്മയിലായിരുന്നപ്പോൾ, ദിവസത്തിൽ മിക്കവാറും 24 മണിക്കൂറും അദ്ദേഹം ജോലി ചെയ്തിരുന്നു. കാലത്താറുമണിക്കു് എഴുന്നേല്ക്കും; മുന്നണിയിൽനിന്നു വൈകിവന്ന റിപ്പോർട്ടുകൾ വായിപ്പാൻ ഒന്നോ രണ്ടോ മണിക്കൂർ ചെലവഴിക്കും; അങ്ങിനെ പ്രാതൽവരെയുള്ള സമയം കഴിയും. പ്രാതലാണെങ്കിൽ, വളരെ ലളിതമാണു്—ഒരു തുണ്ടു റൊട്ടി; ഒരു കോപ്പ ചായ; ഒരു നേന്ത്രപ്പഴം. എന്നിട്ടു്, ആസാദ് ഹിന്ദ് ഫൌജിന്റെ സർവ്വസൈന്യാധിപൻ 'ഫെഡ്' കപ്പാർട്ടേഴ്സി'ലേയ്ക്കു പോകും. ഉച്ചഭക്ഷണംവരെ ഉദ്യോഗസ്ഥന്മാരുമായുള്ള സമ്മേളനങ്ങളും കൂടിയാലോചനകളും നടത്തും. ഉച്ചഭക്ഷണം കഴിഞ്ഞാലുടനെ തുടരുകയായി, യോഗങ്ങളും കൂടിയാലോചനകളും അഭിമുഖസംഭാഷണങ്ങളും. അങ്ങിനെ നേരം ആറുമണിയാവും. പിന്നെ, നേതാജി വീട്ടിലേയ്ക്കു മടങ്ങുകയായി. ഏഴടിക്കുമ്പോഴേയ്ക്കും അദ്ദേഹം കുളികഴിഞ്ഞു് ഊണിനു തയ്യാറായിട്ടുണ്ടാവും. അത്താഴവും ഉച്ചഭക്ഷണംപോലെതന്നെ—ചോറു്, മത്സ്യം, പച്ചക്കറി, കാപ്പി. ഊൺ കഴി

യേണ്ട താമസം, ആലോചനായോഗങ്ങൾ തുടരുകയായി. ഒടുവിലത്തെ സന്ദർശകൻ പോവുമ്പോഴയ്ക്കും സമയം ഒന്നോ അതിലധികമോ ആയിരിക്കും. അതിനുശേഷം, നേതാജി വായനമുറിയിലേയ്ക്കു നീങ്ങുന്നു. കാലത്തു മൂന്നോ നാലോ മണിവരെ അദ്ദേഹം ജോലിയിൽ മുഴുകിക്കഴിയും. ഇങ്ങനെയായിരുന്നു ബമ്മയിൽ അദ്ദേഹത്തിന്റെ ദിനചര്യ.

നേതാജിയെക്കാൾ നിസ്വാർത്ഥനും സുധീരനുമായ ഒരാളെപ്പറ്റി ചിന്തിപ്പാൻപോലും വിഷമമാണു്. എപ്പോഴും ഒരു മഹാനായിരുന്നു അദ്ദേഹം. എന്നാൽ വൈപരീത്യങ്ങളുടെ മുമ്പിൽ അദ്ദേഹം മഹാന്മാരിൽ മഹാനായിരുന്നു. അദ്ദേഹത്തിനു മരണം പുല്ലാണു്. 1943-ൽ ജർമ്മനിയിൽനിന്നദ്ദേഹം കിഴക്കനേഷ്യയിലേയ്ക്കുവന്നതു് ഒരു മുങ്ങിക്കപ്പലിലായിരുന്നു; അന്നാണെങ്കിലോ, സകലമഹാസമുദ്രങ്ങളും ബ്രിട്ടീഷമേരിക്കൻകപ്പലുകളുടെ നിയന്ത്രണത്തിലും. ഓർക്കണം, സുമാത്രായിലെത്താൻ തികച്ചു ദിവസം വേണ്ടിവന്ന അദ്ദേഹത്തിനു്!

തന്റെ പട്ടാളത്തലവന്മാരുടെ ഉപദേശങ്ങളെ വകവെയ്ക്കാതെ, ശത്രുവിന്റെ വെടിയുണ്ടകളെ ക്ഷണിച്ചുവരുത്തുന്നതു ഞാൻ കണ്ടിട്ടുണ്ടു്. ബമ്മയിലേയും സയാമിലേയും കാടുകളിൽ പട്ടാളക്കാരുടെ കൂടാരത്തിൽ ഒരു കുട്ടിയെപ്പോലെ സൈരമായി അദ്ദേഹം കിടന്നുറങ്ങും.

നേതാജി അങ്ങേയറ്റത്തെ ഫാസിസ്റ്റ്വിരോധിയായിരുന്നു. പക്ഷേ ഫാസിസത്തോടുള്ള വെറുപ്പു തുറന്നുകാ

ണിക്കാൻ കിഴക്കനേഷ്യയിലെ പരിതസ്ഥിതികൾ അദ്ദേഹത്തെ അനുവദിച്ചില്ല. എങ്കിലും അദ്ദേഹത്തിന്റെ മനസ്സിലേയ്ക്കു കടന്നുചെല്ലുവാൻ അനുവദിക്കപ്പെട്ട ഞങ്ങളിൽച്ചിലർക്ക് ആ വെറുപ്പു കാണുവാൻ കഴിഞ്ഞിരുന്നു. അദ്ദേഹം ഹിറ്റ്ലറുടേയും ടോജോവിന്റെയും ഫാസ്സിസ്താനം സ്വീകരിച്ചു. എന്നാലതു് അവരെ ഇഷ്ടപ്പെട്ടതുകൊണ്ടല്ല. പിന്നെയോ? ഒരു 'രണ്ടാംയുദ്ധമുന്നണി' സൃഷ്ടിക്കുവാൻ അവസരം കിട്ടുമെന്ന കരുതിയാണു് അദ്ദേഹം അങ്ങനെ ചെയ്തതു്. രാജ്യത്തിനകത്തുള്ള ഇന്ത്യൻ സ്വാതന്ത്ര്യപ്പോരാളികൾക്ക് അത്തരമൊരു മുന്നണി വളരെ സഹായകമാവുമെന്നതിനു സംശയമില്ല.

യുദ്ധത്തിൽ 'അച്ചുതണ്ടുശക്തികൾ' തോല്ക്കുമെന്നു ജർമ്മനിയിൽനിന്നു വന്നപ്പോൾത്തന്നെ സുഭാഷ്ബാബു പിന്നറിയാമായിരുന്നു. അതുകൊണ്ടാണു്, ജപ്പാൻകാരുടെ ആത്മാർത്ഥതയുടെ പ്രശ്നം, കിഴക്കനേഷ്യയിലെ അല്പജ്ഞരായ മറ്റു പലരെയുമെന്നപോലെ, നേതാജിയെ ഒട്ടുംതന്നെ അലട്ടാതിരുന്നതു്. 1943 സപ്തംബർ 5-നു-കോലാലംപോറിലെ ഹോട്ടൽ മജെസ്റ്റിക്കിൽവെച്ചു ഞങ്ങൾ അന്താരാഷ്ട്രീയസ്ഥിതിഗതികളെപ്പറ്റി ചർച്ചചെയ്ത അവസരത്തിൽ, ഇക്കാര്യം അദ്ദേഹം അസന്ദിഗ്ധമായി എന്നോടു പറകയുണ്ടായി. എന്നിട്ടും അദ്ദേഹം ഒരിടക്കാലഗവർമ്മെണ്ടും ഐ. എൻ. ഏ.യും സംഘടിപ്പിച്ചു. എന്തുകൊണ്ടെന്നാൽ, താൻ ഒരു സൈന്യവുമായി ഇന്ത്യാ-ബർമ്മ അതിർത്തിയിലെത്തിയാൽ ഇന്ത്യയിൽ ഒരു വിപ്ലവം പൊട്ടിപ്പുറപ്പെടാതിരിക്കയില്ലെന്നു നേതാജി വിശ്വസിച്ചു.

ഇന്ത്യയിലെ ജനങ്ങൾ വേണ്ടത്ര വിപ്ലവമനോഭാവവും രാഷ്ട്രീയപ്രബുദ്ധതയും പ്രദർശിപ്പിച്ചില്ലെങ്കിൽ, അതു നേതാജിയുടെ കുറ്റമാണോ?

ഇന്ത്യയുടെ സ്വാതന്ത്ര്യസമ്പാദനത്തിനുള്ള മാർഗ്ഗങ്ങളുടെ കാര്യത്തിൽ യോജിപ്പില്ലായിരുന്നുവെങ്കിലും സുഭാഷ്ബാബുവിനു മഹാത്മജിയോട് അതിരറ്റ ബഹുമാനമുണ്ടായിരുന്നു. ഒരു പ്രസംഗത്തിനിടയിൽ നേതാജി ഇങ്ങനെ പറയുണ്ടായി: "1920-ൽ പുതിയൊരു സമരായുധവുമായി ഗാന്ധിജി മുന്നോട്ടു വന്നില്ലായിരുന്നുവെങ്കിൽ, ഒരുപക്ഷേ ഇന്ത്യ ഇപ്പോഴും നിലംപൊത്തിക്കിടക്കുകതന്നെയായിരിക്കുമെന്നു പറഞ്ഞാൽ, അതു് ഒരതിശയോക്തിയായിരിക്കയില്ല. ഇന്ത്യൻസ്വാതന്ത്ര്യപ്രസ്ഥാനത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ സേവനങ്ങൾ അസാധാരണമാണു്, അനുപമമാണു്. ഇന്ത്യയിലെ പരിതഃസ്ഥിതികൾ വെച്ചു നോക്കുമ്പോൾ, സ്വന്തം ജീവിതകാലത്തുതന്നെ ഇത്രയധികം നേടുവാൻ കഴിഞ്ഞൊരു വ്യക്തി വേറെയുണ്ടായിട്ടില്ല." മറ്റൊരവസരത്തിൽ 'രാഷ്ട്രപിതാ'വെന്നു ഗാന്ധിജിയെ നേതാജി വിളിക്കുകയുണ്ടായി.

നേതാജിയുടെ അഭിപ്രായത്തിൽ, യാഥാർത്ഥ്യത്തിന്റെ മുഖ്യസ്വഭാവം സ്നേഹമാണു്. അദ്ദേഹം എഴുതി: "ലോകത്തിന്റെ കാതലായ അംശം സ്നേഹമാണു്; മനുഷ്യജീവിതത്തിന്റെ കാര്യത്തിലും അതുതന്നെ."

ആരെക്കുറിച്ചും ചീത്തവിചാരങ്ങൾ വെച്ചുപുലർത്താൻ നേതാജിക്കു സാധ്യമല്ലതന്നെ. ശരിയാണു്, ചി

ലപ്പോഴെല്ലാം അദ്ദേഹം ശ്രുണിയെടുക്കും; പക്ഷേ അടുത്ത നിമിഷത്തിൽത്തന്നെ എല്ലാം മറന്നുകളകയും ചെയ്യും.

നേതാജിയുടെ മന്ത്രിമാരിൽ ചിലരുടെ പ്രവൃത്തിക ളെ അതിരൂക്ഷമായ ഭാഷയിൽ ഞാനൊരിക്കൽ വിമർശി ക്കയുണ്ടായി. അരമണിക്കൂറിലധികംനേരം അദ്ദേഹം എ ന്റെ വിമർശനം സശ്രദ്ധം കേട്ടു. പൊടുന്നനവെ അദ്ദേ ഹത്തിന്റെ വായയുടെ മൂലകൾ താഴോട്ടു വീണു; ഗൌര വവും നിശ്ചയദാർഢ്യവും സ്ഫുരിക്കുന്ന ഒരു നോട്ടത്തോ ടുകൂടി—ദേഷ്യംവന്ന ലക്ഷണമാണിതു്—അദ്ദേഹം അ ത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു, എനിക്കു നന്നെ ചെറുപ്പ മാണു്, എന്റെ അറിവു് ഏട്ടിലെ പശു്വാണു് എന്നു്. ഞാൻ എഴുന്നേറ്റുപോവാൻ പുറപ്പെട്ടു. എന്നോടദ്ദേഹം ഇരിക്കുവാൻ ആജ്ഞാപിച്ചു. എന്നിട്ടു തന്റെ ജീവചരി ത്രമെഴുതുന്ന കാര്യത്തെപ്പറ്റി—എന്നെ മുമ്പുതന്നെ ഭാര മേല്പിച്ചിട്ടുള്ള സംഗതിയാണിതു്—അദ്ദേഹം സംസാരി ക്കാൻ തുടങ്ങി. പറ്റിയ സമയം, സഹകരണത്തിനും ഏറ്റവും പറ്റിയ സമയം!

ത്രിപുരി കോൺഗ്രസ്സ് സമ്മേളനത്തിൽവെച്ചു നേ താജിയെ എതിർത്ത ചില കോൺഗ്രസ് നേതാക്കളെപ്പ റ്റി ഞാൻ മറ്റൊരു ദിവസം സൂചിപ്പിച്ചപ്പോൾ, ഒരു ദീർഘനിശ്വാസത്തോടെ അദ്ദേഹം മന്ത്രിച്ചു: "അതെല്ലാം മറക്കൂ, അതു് അവരുടെ കുറ്റമല്ല. അവരെന്നെ തെറ്റി ദ്ധരിച്ചു എന്നുമാത്രം."

നേതാജി കർമ്മധീരനായ ഒരു മനുഷ്യനാണു്. ആദ ർശവാദികളെയും ജ്ഞാനലവദുർവ്വിദഗ്ദ്ധന്മാരെയും അദ്ദേഹം

വെറുത്തിരുന്നു. "സ്റ്റാലിനും ട്രോട്സ്കിയും തമ്മിലുള്ള വ്യത്യാസം," അദ്ദേഹം ഒരിക്കൽ എന്നോട് പറകയുണ്ടായി, "ഒരാൾ ഈ ലോകത്തിൽത്തന്നെ ജീവിക്കുന്നു; മറെറയാളാകട്ടെ, ആകാശത്തിൽ അലഞ്ഞുനടക്കുകയാണു്." നേതാജിക്കു ലെനിനെപ്പററി വലിയ ബഹുമാനമായിരുന്നു. അദ്ദേഹത്തിന്റെ വാചകങ്ങളിൽ വലതും സുഭാഷ് ഉദ്ധരിക്കാറുണ്ടു്; പ്രത്യേകിച്ചു ലോകപ്രസിദ്ധമായ ഈ വാചകം: "ഒട്ടുവിൽ ചിരിക്കുന്നവൻ ഏറവും നന്നായി ചിരിക്കുന്നു."

ചിയാങ്ങ് കായ്ഷേക്കിനെ നേതാജി ഇഷ്ടപ്പെട്ടിരുന്നില്ല. വലിയൊരു ചിന്താരിപ്പുനായിട്ടാണു് സുഭാഷ് അയാളെ കരുതിയതു്. എന്നാൽ മാഡം ചിയാങ്ങിനെപ്പററി അദ്ദേഹത്തിനു വലിയ മതിപ്പായിരുന്നു. മാവോസെതുങ്ങിനെക്കുറിച്ചും ജനറൽ ചൂട്ടേയെക്കുറിച്ചും അദ്ദേഹത്തിനു പ്രശംസയേയുള്ളു.

ഇന്ത്യൻനേതാക്കളിൽ, പണ്ഡിറ്റ് നെഹ്രുവിനെപ്പററി നേതാജി ഒരവസരത്തിൽ പറഞ്ഞു: "അദ്ദേഹം തീച്ചയായും ഒരു മഹാൻതന്നെയാണു്—കഴിവുറ്റ എഴുത്തുകാരൻ, ധീരനായ പടയാളി, ജന്മനാ ഒരു ദേശസ്നേഹി." മറെറാരവസരത്തിൽ, "ജയപ്രകാശ് ശരിയായൊരു വിപ്ലവനേതാവാണെ"ന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. എം. എൻ. റോയിയോടു് അദ്ദേഹത്തിനു വല്ലാത്ത അനിഷ്ടമാണു്.

നേതാജിയുടെ അഭിപ്രായത്തിൽ, രാജഗോപാലാചാരി "ഒരു അവസരവാദിയും നട്ടെല്ലില്ലാത്ത രാഷ്ട്രീയജീ

ചിയുമാണു"; രാമസ്വാമിമുതലിയാരും ഫെറോസ്ഖാൻ നൂണുമാകട്ടെ, "ഇന്ത്യയിലെ ബ്രിട്ടീഷ്സാമ്രാജ്യത്വത്തിന്റെ കൂലിവേലക്കാരും."

പ്രകാശത്തിന്റെ നിഭയത്വത്തെയും സവർക്കറുടെ ആത്മാത്ഥതയെയും അദ്ദേഹം ബഹുമാനിച്ചു.

കസ്തൂർബാഗാന്ധിയോടു സുഭാഷ്ബാബുവിനു വലിയ സ്നേഹമാണു്. അവർ മൃതിയടഞ്ഞപ്പോൾ, അദ്ദേഹം എഴുതി: "അവർ ഇന്ത്യൻസ്ത്രീത്വത്തിന്നൊരു മാതൃകയായിരുന്നു — ശക്തവും ക്ഷമാപൂർണ്ണവും നിശ്ശബ്ദവും നിസ്വാത്ഥവുമായ മാതൃക."

ആളുകളോടു പെരുമാറുവാൻ അദ്ദേഹത്തിനു് അസാധാരണമായ സാമത്ഥ്യമുണ്ടു്. ഒരു കാര്യത്തെപ്പറ്റി അദ്ദേഹവുമായി ചർച്ചചെയ്യാൻ ഇടവന്നാൽ മതി, നിങ്ങൾ അദ്ദേഹത്തെ ആരാധിക്കാൻ തുടങ്ങും. രണ്ടോ മൂന്നോ തവണ നേതാജിയെ കണ്ടു സംസാരിച്ചുകഴിഞ്ഞപ്പോഴേയ്ക്കും, ടോജോ, കോയ്സോ, ഷിഗെമിറ്റ്സു് എന്നിവരെപ്പോലുള്ള ജാപ്പാനീസു് രാജ്യതന്ത്രജ്ഞന്മാരും ജനറൽമാരും അദ്ദേഹത്തിന്റെ ആരാധകന്മാരായി. അവർ തന്നെ സമ്മതിച്ചിട്ടുള്ള ഒരു സംഗതിയാണിതു്. നേതാജിയുടെ വ്യക്തിത്വത്തോടു് അവർക്കുണ്ടായിരുന്ന ബഹുമാനമാണു്, വാസ്തവത്തിൽ, ഇന്ത്യൻ ഇൻഡിപ്പെൻഡൻസു് ലീഗിന്റെ വിവിധാവശ്യങ്ങൾ അനുവദിച്ചുതരുവാൻ വാശിക്കാരായ ജാപ്പാനീസു് രാജ്യതന്ത്രജ്ഞന്മാരേയും പട്ടാളനേതാക്കളേയും പ്രേരിപ്പിച്ചതു്.

നിഷ്കളങ്കമായ ആത്മാത്ഥത, അത്ഭുതകരമായ ധൈര്യം, എന്തെന്നില്ലാത്ത കാജസ്സു് — ഈ ഗുണങ്ങൾ ധാരാ

ഉത്തിലധികമുള്ള ഒരു വ്യക്തിയുടെ മുമ്പിൽ നട്ടങ്ങിപ്പോ വാതെ ലോകത്തിലാരുള്ളൂ?

ധീരരിൽ ധീരനായിരുന്ന നേതാജി. എന്നാൽ സ ന്തം നാട്ടുകാരെസ്സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ഹൃദയം വളരെ ആർദ്രമായിരുന്നു. ബമ്മയിൽനിന്നുള്ള പി ന്മാറ്റത്തിനുശേഷം ഒരിക്കൽ അദ്ദേഹം എന്നോട് പറക യുണ്ടായി: "ഇതിന്റെ ശോകമയമായ വശം എന്തെന്ന ല്ലേ, മിസ്റ്റർ മേനോൻ? ബമ്മയെ വീണ്ടും പിടിച്ചടക്കി യതു ബ്രിട്ടീഷ് ഇന്ത്യൻസേനയാണു്!" ഇതു പറഞ്ഞ പ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. ജ ന്മനാ ഒരു ശുഭാപ്തിവിശ്വാസിയായ അദ്ദേഹത്തിനു സ ന്തം നാട്ടുകാരിൽ അതിരറ്റ വിശ്വാസമുണ്ടായിരുന്നു.

ഇന്ത്യയിൽ ഒരു സോഷ്യലിസ്റ്റു് ഭരണക്രമം സ്ഥാ പിക്കണമെന്നായിരുന്നു നേതാജിയുടെ സ്വപ്നം.

എന്തൊരുതരം സോഷ്യലിസ്റ്റായിരുന്നു അദ്ദേഹം? ടോക്കിയോവിലെ ഇമ്പീരിയൽ സർവ്വകലാശാലയിൽവെ ച്ചു ചെയ്ത ഒരു പ്രസംഗത്തിൽ അദ്ദേഹമിക്കാര്യം വ്യക്ത മാക്കിയിട്ടുണ്ടു്. "ഏതെങ്കിലുമൊരു വ്യവസ്ഥിതി സാമൂ ഹ്യപുരോഗതിയുടെ അവസാനഘട്ടമാണെന്നു പറയുന്ന തു വിഡ്ഢിത്തമാണു്. മനുഷ്യപുരോഗതിക്കു് ഒരിക്കലും നി ല്ക്കാനാവില്ല. കഴിഞ്ഞകാലത്തെ ലോകാനുഭവങ്ങളിൽനി ന്നു പുതിയൊരു വ്യവസ്ഥിതിയെ നാം വാർത്തെടുക്കണം. ദേശീയതയിൽനിന്നും സോഷ്യലിസത്തിൽനിന്നും ഉടലെ ടുത്ത ഒരു രാഷ്ട്രീയദർശനമാണു് നമുക്കാവശ്യം. ഭാവവും പ്രതിഭാവവും തമ്മിലുള്ള സംഘട്ടനം അതിലുമയന്ന മ

റൊരു ഭാവത്തിൽ ചെന്നെത്തുന്നു. അതാണല്ലോ ദ്വന്ദാത്മകവാദത്തിന്റെതന്നെ നിയമം."

നേതാജി സോവിയറ്റ് റഷ്യയ്ക്കെതിരാണെന്നു കരുതി, യുദ്ധകാലത്തു് അദ്ദേഹത്തെ അധിക്ഷേപിച്ച ഇന്ത്യൻ കമ്മ്യൂണിസ്റ്റ്കാരുണ്ടല്ലോ, അവർക്കു് അദ്ദേഹത്തിന്റെ നയങ്ങൾ അറിഞ്ഞുകൂടാ എന്നേ പറയാനുള്ളു. റഷ്യയ്ക്കെതിരായി നേതാജി ഒരിയ്ക്കലും ഒന്നും പറഞ്ഞിട്ടില്ല, ചെയ്തിട്ടുമില്ല; മാത്രമല്ല, റഷ്യയ്ക്കെതിരായി യാതൊന്നും പറഞ്ഞുപോകരുതെന്നു് അദ്ദേഹം തന്റെ പ്രചരണോദ്യോഗസ്ഥന്മാരോടു പ്രത്യേകം നിർദ്ദേശിച്ചിട്ടുമുണ്ടു്.

പക്ഷേ നേതാജിയുടെ അന്താരാഷ്ട്രീയവാദം കൃത്രിമമായിരുന്നില്ല. അദ്ദേഹം പറയാറുണ്ടു്: "ശരിയായ സാർവ്വദേശീയതപോലും ദേശീയതയെ അവഗണിക്കരുതെന്നു മാത്രമല്ല, അതിൽ വേരുന്നിക്കിടക്കണംതാനും." ജർമ്മനിക്കു പോകാൻ തീരുമാനിക്കുന്നതിനുമുമ്പു്, ഇന്ത്യൻ സ്വാതന്ത്ര്യപ്രശ്നത്തെ ലീഗ് ഓഫ് നേഷൻസിനെക്കൊണ്ടു പരിഗണിപ്പിക്കാൻവേണ്ടി സുഭാഷ്ബാബു അതിന്റെ ഉപശാലകളിൽ ഓരോ വാതിലിലും മുട്ടിക്കൊണ്ടു് എത്രയോ നാളുകൾ ചെലവഴിച്ചിട്ടുണ്ടെന്നു വസ്തുത ആർക്കും മറക്കാൻ വയ്യ.

ഒരു കാര്യം വെളിപ്പെടുത്തട്ടെ: ജനീവയിൽവെച്ചു് 1935-ൽ സുഭാഷ്ബാബു ലിട്വിനോഫിനെ കാണുകയുണ്ടായി. അന്നു് ആ സോവിയറ്റ്രാജ്യതന്ത്രജ്ഞന്റെ ഇന്ത്യയോടുള്ള മനോഭാവം തീരെ പ്രോത്സാഹനജനകമായിരുന്നില്ല. ഞാനിപ്പോഴിതു പറയുന്നതു യുദ്ധത്തിനുമുമ്പു് അനുഭവത്തിലുണ്ടായ 'ഐസൊലേഷണിസ്റ്റ്'നയ

ത്തെ മുൻനിറ്ത്തി റഷ്യയെ അധിക്ഷേപിക്കാനല്ല. അതിനും സചകീയമായ കാരണങ്ങളുണ്ട് റഷ്യയ്ക്ക്. പക്ഷേ ഇന്ത്യൻ കമ്യൂണിസ്റ്റ്കാരെന്നു പറയപ്പെടുന്നവർ എന്തുകൊണ്ടു സോവിയറ്റ് ചരിത്രത്തിലെ ഏടുകൾ മറിച്ചുനോക്കിയില്ല? യുദ്ധകാലത്തു് ഒരു സുവർണ്ണാവസരം ലഭിച്ചപ്പോൾ എന്തുകൊണ്ടവർ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയില്ല?

നേതാജി ഒരിക്കൽ പറകയുണ്ടായി: "റഷ്യയോടും ചൈനയോടും മറ്റു രാജ്യങ്ങളോടുമുള്ള സഹഭാവത്തെപ്പറ്റി പറയുന്നതെല്ലാം ശരിതന്നെ. എന്നാൽ നമുക്കു് ആദ്യമായി നമ്മോടുതന്നെ സഹഭാവം ഉണ്ടാവട്ടെ. നമുക്കാദ്യമായി സ്വയം വിമുക്തരാവാൻ വല്ലതും ചെയ്യുക."

ജിന്നയുടെ 'പാക്കിസ്ഥാൻവാദ'ത്തോടു ബദ്ധവിരോധമായിരുന്നു നേതാജിക്കു്. ജിന്നയുമായി ഒരൊത്തുതീപ്പുണ്ടാക്കുവാൻ ഗാന്ധിജി ശ്രമിക്കയാണെന്നു കേട്ടപ്പോൾ, അദ്ദേഹം വല്ലാതെ ക്ഷുഭിതനായി. 1944 സപ്തെമ്പർ 16-ാം തിയ്യതി റംഗൂണിൽനിന്നു ചെയ്തൊരു പ്രക്ഷേപണപ്രസംഗത്തിൽ നേതാജി തന്റെ നാട്ടുകാരോടു് ഇങ്ങനെ പറഞ്ഞു: "കോൺഗ്രസ്സും മുസ്ലീംലീഗും തമ്മിൽ ഒരൊത്തുതീപ്പുണ്ടായാൽ ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടു പോവാൻ നിർബ്ബന്ധരായുമെന്നു് ഇന്നാരെങ്കിലും വിചാരിച്ചിരിയ്ക്കുന്നുണ്ടെങ്കിൽ, ആയാൾ ജീവിക്കുന്നതു വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണു്. ഇന്ത്യയുടെ സ്വാതന്ത്ര്യവാഞ്ഛയെ അംഗീകരിപ്പാനുള്ള സന്നദ്ധത പ്രകടമാവാത്ത കാലത്തോളം ശത്രുക്കൾ നമ്മുടെ സ്വാതന്ത്ര്യസമ്പാദനത്തെ തടയാൻവേണ്ടി പുതിയ പുതിയ വാദങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കയേയു

ള്ള. കോൺഗ്രസ്സും മുസ്ലീംലീഗ്ഗും തമ്മിലുള്ള ഒത്തുതീപ്പു ബ്രിട്ടീഷുകാരെ കെട്ടുകെട്ടിച്ചേയ്യുമെന്ന വിചാരം ശരിയാണെങ്കിൽ, മുഹമ്മദ് അലി ജിന്നയുടെ മുമ്പിൽ താണുകേണപേക്ഷിക്കുന്നതിന്നു വല്ല അർത്ഥവുമുണ്ടായേനേ. പക്ഷേ കാര്യം മറിച്ചാണു്. ആ സ്ഥിതിക്കു ജിന്നയുടെ പടിവാതില്ക്കൽ കെട്ടിക്കാത്തുകിടന്നിട്ടെന്തു പ്രയോജനം? കോൺഗ്രസ്സ്-ലീഗ്-സഖ്യം തികച്ചും നിഷ്ഫലമാണെന്നു തെളിയിയ്ക്കുവാൻ മറെറാരു വാദമുണ്ടു്. നമ്മുടെ മുസ്ലീമങ്ങളായ സ്നേഹിതന്മാരേയും സഹപ്രവർത്തകന്മാരേയും കൈവെടിഞ്ഞു്, പാക്കിസ്ഥാൻവാദം സ്വീകരിച്ച ജിന്നയുമായി യോജിപ്പിലെത്തുകയാണെങ്കിൽ, കോൺഗ്രസ്സിനെറ കൂടെ നിന്നു ബ്രിട്ടീഷുകാരോടു പൊരുതാമെന്നു ജിന്ന വാശാനം ചെയ്യുമോ? ജിന്നയേയും ഇന്നത്തെ മുസ്ലീംലീഗ് നേതാക്കളേയും അറിയുന്നവരാരും അങ്ങനെ വിശ്വസിക്കില്ല. മുസ്ലിംലീഗിനെ നയിക്കുന്ന കോടീശ്വരന്മാർ ഒരിക്കലും ബ്രിട്ടീഷുഗവർമ്മേണ്ടിനെതിരായി അണിനിരക്കുകയില്ല."

നേതാജി തുടർന്നു: "ദേശസ്നേഹിയായ ഒരിന്ത്യക്കാരനു്, ആര്യാഥം മുസ്ലീമോ സിക്കോ ഹിന്ദുവോ ക്രിസ്ത്യനോ പാഴ്സിയോ ആയിക്കൊള്ളട്ടെ, ഇന്ത്യ ഒന്നാണു്, അവിഭക്തമാണു്—ഭൂമിശാസ്ത്രപരമായിട്ടും ചരിത്രപരമായിട്ടും രാഷ്ട്രീയമായിട്ടും, സാംസ്കാരികമായിട്ടുംകൂടി!!"

ടോക്കിയോവിലേയ്ക്കുള്ള അവസാനയാത്രയുടെ കുറച്ചു ദിവസം മുമ്പു്, ബാങ്കോക്കിലെ 'ഇന്ത്യൻ ഇൻഡിപ്പെൻഡൻസ്-ലീഗിനെറ പ്രസിദ്ധീകരണകാര്യാലയത്തിലേയ്ക്കു് ഇന്ത്യൻസ്ഥിതിഗതികളെപ്പറ്റി ചർച്ചചെയ്യാനായി

ഞങ്ങളിൽച്ചിലരെ നേതാജി വിളിച്ചുവരുത്തി. ചർച്ചയുടെ അവസാനത്തിൽ അദ്ദേഹം പറഞ്ഞു: "വിപ്ലവപരമായ സാധ്യതകൾ തിങ്ങിവിങ്ങുന്ന അന്തരിക്ഷമാണ് ഇന്ത്യയിലുള്ളതു്. പക്ഷേ ഇന്ത്യയ്ക്കൊരു നേതാവില്ല."

തൈഹൊക്കുവിമാനത്താവളത്തിൽവെച്ചു ശ്രീമാൻ ആ അത്യാഹിതം സംഭവിച്ചില്ലായിരുന്നെങ്കിൽ, ഇന്ത്യൻ വിപ്ലവം നയിക്കാൻ നേതാജി നമ്മുടെ കൂടെ ഇന്ത്യയിൽ ഇന്നുണ്ടാവുമായിരുന്നു. പക്ഷേ അദ്ദേഹം നിര്യാതനായിപ്പോയി! നാം അശരണരായിത്തീർന്നു!!

നേതാജിയുടെ അസാന്നിധ്യത്തിൽ നമുക്കു മുന്നോട്ടുപോവാൻ കഴിയുമോ? സുഭാഷ്ബാബുവിന്റെ പ്രതിഭയുടെ അഭാവത്തിൽ ഇന്ത്യ വഴിതെറ്റിത്തിരിഞ്ഞുപോവില്ലേ?

നേതാജിയുടെ സമകാലികന്മാരായി പിറന്നതിൽ നാമെല്ലാം ഭാഗ്യശാലികളായി. അത്രയുമല്ല, ചരിത്രത്തിന്റെ ആനുകൂല്യംകൊണ്ടു നമ്മളും അദ്ദേഹത്തിന്റെ അടുത്ത സഹപ്രവർത്തകരുമായി. അദ്ദേഹത്തിന്റെകൂടെ പണിയെടുക്കുകയും അദ്ദേഹത്തിൽനിന്നു പഠിക്കുകയും ചെയ്ത അനുയായികളെന്ന നിലയ്ക്ക്, അദ്ദേഹത്തിന്നു മുഴുമിയ്ക്കാനാവാതെവന്ന ജോലി ചെയ്തുതീർക്കേണ്ടതു നമ്മുടെ കടമയാണ്. നമ്മെ പഠിപ്പിച്ച നേതാവിനൊത്ത അനുയായികളാണ് നമ്മളെന്നു നാം ലോകത്തിനു കാണിച്ചുകൊടുത്തേ തീരൂ.

ശാന്തിഖൻ തടങ്ങൽക്യാമ്പ്,
ബാങ്കോക്ക്
സപ്തംബർ, 1945.

ചില പത്രാഭിപ്രായങ്ങൾ

"ഇന്ത്യൻസ്വാതന്ത്ര്യത്തിനുവേണ്ടി കിഴക്കനേഷ്യയിൽ വെച്ചു പൊരുതിയിരുന്നവരിൽ ഒരാളാണു് മിസ്സർ മേനോൻ. അതുകൊണ്ടു്, ആസാദ്ഹിന്ദ് ഗവമ്മേണ്ടു രൂപീകൃതമായപ്പോൾ, നേതാജിയുമായി അടുത്ത ബന്ധം പുലർത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. സുഭാഷിന്റെ ജീവചരിത്രമെഴുതുവാൻ അദ്ദേഹത്തെയാണു് മുമതലപ്പെടുത്തിയിരുന്നതു്. ആ നേതാവിന്റെ കാന്തശക്തിയാണു് വ്യക്തിത്വത്തെ മുക്തകണ്ഠം പ്രശംസിക്കുന്നതുണ്ടു്, മിസ്സർ മേനോൻ.

നേതാജി ഫാസിസ്റ്റനുകൂലിയായിരുന്നുവെന്ന ആരോപണത്തെ മി. മേനോൻ ശക്തിയുക്തം നിഷേധിക്കുന്നു.....പാക്കിസ്ഥാൻസിദ്ധാന്തത്തോടു ബദ്ധവിരോധമായിരുന്ന നേതാജിയ്ക്കു നാം അദ്ദേഹം വ്യക്തമാക്കുന്നു.....നേതാജിയെ മനസ്സിലാക്കുവാൻ ഈ കൊച്ചുപുസ്തകം അത്യധികം ഉപകരിക്കുന്നതാണു്. വായനക്കാരുടെ പിന്തുണ ഇതിനു കിട്ടാതിരിക്കയില്ല."

—ഹിതവാദി.

"സുഭാഷ്ബാബുവിന്റെ സ്മരണയ്ക്കു സ്നേഹമയമായ ഒരഭിവാദനം....."

—ഫ്രീഇന്ത്യാ.

"യുദ്ധം തുടങ്ങുന്നതിനുമുമ്പുതന്നെ മലായിലായിരുന്ന മിസ്സർ നാരായണമേനോൻ ഇന്ത്യൻവിമോചനപ്രസ്ഥാനത്തിൽ സജീവം വ്യാപൃതനായി. ഒരു വ്യക്തിയെന്ന നിലയ്ക്കും ഒരു രാഷ്ട്രീയനേതാവെന്ന നിലയ്ക്കും സുഭാഷിനെക്കുറിച്ചു തനിക്കു തോന്നിയിട്ടുള്ള അഭിപ്രായങ്ങളെ മി. മേനോൻ ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്."

—സ്വതന്ത്ര.

"പൂർവ്വേഷ്യയിലെ ഇന്ത്യൻസ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഒരു പ്രധാനപ്രവർത്തകനും നേതാജിയുടെ പ്രസംഗങ്ങൾ സമാഹരിച്ച പ്രസിദ്ധപ്പെടുത്തുവാൻ നിയുക്തനുമായിരുന്ന ശ്രീ. നാരായണമേനോൻ നേതാജിയുമായുണ്ടായ രണ്ടുകൊല്ലക്കാലത്തെ സമ്പർക്കം അധികരിച്ചു രചിച്ച ഒരു പുസ്തകമാണിതു്.

നേതാജിയുടെ ദിനചര്യ, സ്വഭാവം, വ്യക്തിഗുണങ്ങൾ, അഭിപ്രായങ്ങൾ എന്നിവ.....അദ്ദേഹത്തിന്റെ ജീവിതത്തിൽ വെളിച്ചം വീശുന്നവിധം ഇതിൽ ചേർത്തിട്ടുണ്ടു്. നേതാജിയുടെ അഭിപ്രായങ്ങൾ മുൻനിർത്തി പാക്കിസ്ഥാൻവാദത്തേയും ഗ്രന്ഥകർത്താവു വിമർശിച്ചിരിക്കുന്നു."

—മാതൃഭൂമി.

5532